# ‘എല്ലാറ്റിനും സ്തോത്രം ചെയ്യുവിൻ’

## മർക്കോസ് 8:6–8

‘‘അവൻ പുരുഷാരത്തോട് നിലത്ത് ഇരിക്കുവാൻ കല്പിച്ചു. പിന്നെ ആ ഏഴപ്പം എടുത്ത് സ്തോത്രം ചെയ്ത് നുറുക്കി ശിഷ്യന്മാരുടെ പക്കൽ വിളമ്പുവാൻ കൊടുത്തു. അവർ പുരുഷാരത്തിനു വിളമ്പി. ചെറിയ മീനും കുറെ ഉണ്ടായിരുന്നു. അതും അവൻ അനുഗ്രഹിച്ചിട്ട് വിളമ്പുവാൻ പറഞ്ഞു. അവർ തിന്നു, തൃപ്തരായി; ശേഷിച്ച കഷണങ്ങൾ ഏഴുവട്ടി നിറച്ചെടുത്തു.’’

യേശുവിന്റെ പരസ്യശുശ്രൂഷാവേളയിൽ തന്നോടൊപ്പം പാർത്ത ജനങ്ങൾക്ക് കൊടുക്കുവാൻ ഭക്ഷണം വളരെ കുറവായിരുന്നു. എന്നാൽ ആ ഉള്ള ഭക്ഷണത്തെ കർത്താവ് വാഴ്ത്തി അനുഗ്രഹിക്കുന്നതായി നാം മുകളിൽ വായിക്കുന്നുവല്ലോ. സ്തോത്രം ചെയ്ത് അനുഗ്രഹിച്ച ഭക്ഷണം എല്ലാവരും കഴിച്ച് തൃപ്തരായി എന്നുമാത്രമല്ല ശേഷിച്ചവ ഏഴു കൊട്ട നിറയെ ഉണ്ടായിരുന്നതായി നാം കാണുന്നു. ഇല്ലാത്തതിനെ ഉള്ളതിനെപ്പോലെ വിളിച്ചുവരുത്തുന്നവനാണ് നമ്മുടെ ദൈവം.

ഇതിൽ നിന്നും നാം മനസ്സിലാക്കേണ്ടത് എന്താകുന്നു? നമ്മുടെ ജീവിതത്തിൽ ഇപ്പോളായിരിക്കുന്ന സാഹചര്യത്തിൽ പലതിലും കുറവുകൾ അനുഭവിക്കുന്നുണ്ടാവാം. എന്നാൽ ആ കുറവുകളെ അല്ലെങ്കിൽ നമുക്കുള്ളതിനെ ഒന്നു ദൈവകരങ്ങളിലേക്ക് കൊടുത്തുകൊണ്ട് വാഴ്ത്തി അനുഗ്രഹിക്കാമോ. നമുക്ക് തന്നിട്ടുള്ള കുടുംബം, മക്കൾ, ജോലി, ആരോഗ്യം എല്ലാം പൂർണ്ണമായി കർത്താവിൽ സമർപ്പിച്ച് എല്ലാറ്റിനുമായി നന്ദി പറയണം. അതാകുന്നു ദൈവം നമ്മിൽ നിന്നും ആഗ്രഹിക്കുന്നത്.

നമ്മുടെ ഓരോ ചെറുതെന്നു തോന്നുന്ന ദാനങ്ങൾക്ക് പോലും നാം നന്ദി കരേറ്റി ജീവിക്കേണം. നമുക്കുള്ളതിനെ കർത്താവിന്റെ കരങ്ങളിൽ വിട്ടുകൊടുക്കുമ്പോൾ അത് ഏറ്റവും നല്ല രീതിയിൽ അനുഗ്രഹമാക്കിത്തീർക്കുവാൻ കഴിവുള്ളവനാണ് നമ്മുടെ ദൈവം. ഇല്ലാത്തതിനെയോർത്ത് പഴിപറഞ്ഞത് നിർത്താം, മറിച്ച് തന്ന ഓരോന്നിനുമായി സ്തോത്രം ചെയ്യുവാൻ ഇനി നമ്മുടെ നാവിനെ ഉപയോഗിക്കാം.

മുകളിൽ പറഞ്ഞിരിക്കുന്ന കുറിവാക്യം നാം വായിക്കുമ്പോൾ നമുക്ക് മനസ്സിലാക്കാവുന്ന മറ്റൊരു കാര്യം കൂടെയുണ്ട്. അതെന്തെന്നാൽ, അപ്പവും മീനും പുരുഷാരത്തിന് മതിയാവോളം ഇല്ല എന്ന് ശിഷ്യന്മാർ പറയുമ്പോളും ആ ഉള്ളതിനെ മറ്റുള്ളവർക്കു കൂടി കൊടുക്കണം എന്നുള്ള വലിയ ആഗ്രഹം കർത്താവിന്റെ ഉള്ളിലുണ്ടായിരുന്നു. മുഖപക്ഷമില്ലാത്ത കർത്താവ് എല്ലാവരെയും ഒരുപോലെ സ്നേഹിക്കുന്നവനാണ്. ഇന്ന്

വിശ്വാസികളിൽതന്നെ പാവങ്ങളെ സഹായിക്കുവാൻ ഇറങ്ങിത്തിരിക്കുന്നവർ വളരെ കുറവാണ്. എന്റെ കൈയ്യിൽ പണം വളരെ കുറച്ചേ ഉള്ളൂ. അല്ലെങ്കിൽ എന്റെ വരുമാനം വർദ്ധിക്കുമ്പോൾ ഞാൻ മറ്റുള്ളവരെ സഹായിക്കാം എന്നൊക്കെയാണ് ചിലരുടെ തീരുമാനങ്ങൾ.

എന്നാൽ ഇവിടെയും കർത്താവ് നമ്മെ പഠിപ്പിക്കുന്ന ഒരു വസ്തുത എന്തെന്നാൽ നമുക്കുള്ളതിൽനിന്നും നാം ഇല്ലാത്തവർക്കു കൊടുക്കുമ്പോൾ അതിലധികമായി തന്ന് നമ്മെ അനുഗ്രഹിക്കുവാൻ ദൈവം മതിയായവനാണ്. അതുകൊണ്ട് ഉള്ള ദാനങ്ങളെ ദൈവ സന്നിധിയിൽ വിട്ടുകൊടുത്ത് സ്തോത്രം ചെയ്ത് നമുക്കുള്ളതിൽനിന്ന് മറ്റുള്ളവർക്കുകൂടി, ഇല്ലാത്തവർക്കുകൂടി കൊടുക്കുവാൻ ദൈവം നമ്മെ ഏവരെയും സഹായിക്കട്ടെ.

പരാമർശം :
ഫിലിപ്പിയർ 4:6–7

‘‘ഒന്നിനെക്കുറിച്ചും വിചാരപ്പെടരുതു; എല്ലാറ്റിലും പ്രാർത്ഥനയാലും അപേക്ഷയാലും നിങ്ങളുടെ ആവശ്യങ്ങൾ സ്തോത്രത്തോടുകൂടെ ദൈവത്തോടു അറിയിക്കയത്രേ വേണ്ടതു. എന്നാൽ സകലബുദ്ധിയേയും കവിയുന്ന ദൈവസമാധാനം നിങ്ങളുടെ ഹൃദയങ്ങളെയും നിനവുകളെയും ക്രിസ്തുയേശുവിങ്കൽ കാക്കും.’’

സിസ്റ്റർ അശ്വതി ബിനു ഏറ്റുമാനൂർ 039